പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 658 — 12.06.2013-ൽ മറുപടിയ്ക്ക്

# പകർച്ച വ്യാധികൾ

ചോദ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി.എഫ്. തോമസ്
ശ്രീ. റ്റി.യു. കുരുവിള
ശ്രീ. മോൻസ് ജോസഫ്

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) പകർച്ച വ്യാധികളും, നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ചുവരവും നിയന്ത്രിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) 1. ഇത്തരം രോഗങ്ങൾ ആരംഭത്തിൽ തന്നെ കണ്ടുപിടിക്കുവാനും നിയന്ത്രണ നടപടികൾ സ്വീകരിക്കുവാനും സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള സംയോജിത രോഗ പര്യവേഷണ പദ്ധതി (ISDP) വഴി സാധ്യമാക്കുന്നു.<br>2. പകർച്ച വ്യാധികൾ പ്രതിരോധിക്കാനും, നിയന്ത്രിക്കാനും സമഗ്രരോഗ പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി മൂന്നു ഘട്ടങ്ങളിലായി വർഷം മുഴുവൻ നടപ്പിലാക്കുന്നു.<br>3. ഇതിൽ ആദ്യ ഘട്ടത്തിൽ ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുന്ന മഴക്കാലപൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണം, അവലോകന യോഗങ്ങൾ, തുടർ നടപടികൾ തുടങ്ങിയവ നടത്തുകയുണ്ടായി.<br>4. ദേശീയ രോഗ നിവാരണ/നിയന്ത്രണ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുക വഴി മലമ്പനി, ക്ഷയം, പോളിയോ, മന്തുരോഗം, കുഷ്ഠം തുടങ്ങിയവ നിയന്ത്രിച്ച് നിർത്തുന്നു. |
| ബി) എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; വെളിപ്പെടുത്തുമോ ? | (ബി) പകർച്ച വ്യാധികൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള ദേശീയ/സംസ്ഥാന സർക്കാർ പരിപാടികളെ ഊർജ്ജിതമായി നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ ഉൾപ്പെടുത്തി ആരോഗ്യത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളുമായി ബന്ധപ്പെട്ട Comprehensive Health Project നടപ്പിലാക്കി വരുന്നു.<br>ജീവിതശൈലീ രോഗങ്ങളെ നേരത്തെ കണ്ടുപിടിക്കാനും ചികിത്സിച്ച് ഭേദമാക്കാനും പ്രത്യേക പരിപാടികൾ നടപ്പിലാക്കുന്നു.<br>ആരോഗ്യ ബോധവൽക്കരണം സ്കൂൾ ആരോഗ്യ പരിപാടി വഴി നടപ്പിലാക്കുന്നു.<br>ആരോഗ്യത്തിന് ഹാനി ഉണ്ടാക്കുന്ന വിധം സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | മാതൃ-ശിശു ആരോഗ്യ പരിപാടിയുടെ ഭാഗമായി ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കുമുള്ള രോഗ പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നു. അയൺഫോളിക് ആസിഡ്, വിറ്റാമിൻ-എ ഇടങ്ങിയ മൈക്രോ ന്യൂട്രിയന്റ് സപ്ലിമെന്റേഷൻ നൽകി വരുന്നു. എൻ.ആർ.എച്ച്.എം ന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ വഴി ഫീൽഡു തലത്തിൽ രോഗ പ്രതിരോധ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ